67

# "അവർ അനുമാനിച്ചു"

## (21:26- 40)

പെന്തെക്കൊസ്തുനാൾ കഴിഞ്ഞു, എങ്കിലും പെരുന്നാളിന്നു വന്ന ലോകം മുഴുവനുമുള്ള ആളുകളെക്കൊണ്ട് വീഥികൾ തിങ്ങി നിറഞ്ഞിരുന്നു.[1] ചിലർ ദീർഘദൂരം യാത്ര ചെയ്തു വീട്ടിലേക്കു പോകുന്നതുകൊണ്ട് സാധനങ്ങൾ വാങ്ങിക്കൊണ്ടിരിക്കുന്നു. വേറെ ചിലർ തങ്ങളുടെ സ്നേഹിതരെ ഇനി അടുത്ത വർഷമേ കാണുകയുള്ളു എന്നതിനാൽ സന്ദർശനം ആസ്വദിച്ചുകൊണ്ടിരിക്കുകയാണ്. "ദൈവ നഗരം" എന്നു വളിച്ചിരുന്ന സ്ഥലം വിട്ടുപോകുവാൻ മടിച്ച കുറെപ്പേരുണ്ട്. നഗരത്തിന്റെ വടക്കു കിഴക്ക് ഭാഗത്ത്, വലിയ ദേവാലയം സ്ഥിതി ചെയ്തിരുന്ന സ്ഥാനത്ത്, മറ്റുള്ളവർ മാരകമായ ഉദ്ദേശത്തോടെ തങ്ങി: അവരുടെ ദുഷ്ടകണ്ണുകൾ പൗലൊസിന്റെ ഓരോ നീക്കവും നിരീക്ഷിച്ചുകൊണ്ട്, അവനെ ഉപദ്രവിക്കാൻ വഴി നോക്കിയിരുന്നു. വേഗത്തിൽ അവർ ആ ഒഴികഴിവു കണ്ടെത്തും; അപ്പോൾ പൗലൊസ് തന്റെ ജീവിതത്തിലെ അപകടകരമായ നിമിഷങ്ങൾ നേരിടേണ്ടി വരും.

നമ്മുടെ പാഠത്തിന്റെ ഹൃദയ ഭാഗം പ്രവൃത്തികൾ 21:29 ആണ്: "അവർ മുമ്പെ എഫെസ്യനായ ത്രോഫിമോസിനെ അവനോടുകൂടെ നഗരത്തിൽ കണ്ടതിനാൽ, പൗലൊസ് അവനെ ദൈവാലയത്തിൽ കൂട്ടികൊണ്ടുവന്നു *എന്നു നിരൂപിച്ചു.*" (എംഫസിസ് മൈൻ.) ജാതിയിൽ പെട്ട ഒരാളോടുകൂടെ അവർ പൗലൊസിനെ നഗരത്തിൽ കാണുകയുണ്ടായി പിന്നെ പൗലൊസ് പലരോടുകൂടെ ദൈവാലയത്തിൽ നില്കുന്നതു കണ്ടു, അതുകൊണ്ടാണ് പൗലൊസ് ആണ് ജാതിയിൽ പെട്ടവനെ ദൈവലയത്തിൽ കൊണ്ടു വന്നതെന്നു "അവർ നിരൂപിച്ചു" "അവർ ഒരു തീർപ്പിലേക്കു ചാടി" എന്നു, അമേരിക്കയിൽ പറയും. പല നിരൂപണങ്ങളും വെറുതെ ലജ്ജിപ്പിക്കുന്നതാണെങ്കിൽ, പ്രവൃത്തികൾ 21 ലേക്ക് പൗലൊസിന്റെ ജീവൻ തന്നെ നഷ്ടപ്പെടുമായിരുന്നു. വളരെ മുൻപുതന്നെ ആ നിരൂപണങ്ങളെ നോക്കുവാൻ ആഗ്രഹിച്ചതാണ് – പിന്നെ ഇന്നത്തെ നിരൂപണങ്ങളും ചിലതു മാരകമാണെന്നും.

### പിന്നെ അപകടകരമായ നിരൂപണങ്ങൾ (21:26-40)

നാസറീൻ വ്രതമെടുത്ത ആ നാലു പുരുഷന്മാർക്കു വേണ്ടി – പണച്ചെലവ് – നടത്തുവാൻ യെരുശലേമിലെ മുപ്പന്മാർ പൗലൊസിനു വെല്ലുവിളി കൊടുത്തു. സ്പഷ്ടമായും, ആ നാലു പുരുഷന്മാർ തങ്ങളെത്തന്നെ

അശുദ്ധമാക്കുകയും ചെലവേറിയ, ഏഴു – ദിവസ ശുദ്ധീകരണം നടത്തേണ്ടതായും വന്നു. ഏതാണ്ട് എന്തിനെന്നറിയാതെ, പൗലൊസ് അതിനോടു യോജിച്ചു "ആ നാലു പുരുഷന്മാരെ കൂട്ടിക്കൊണ്ടു, ... പിറ്റെന്നാൾ അവരോടുകൂടെ തന്നെ ശുദ്ധിവരുത്തി, ദൈവാലയത്തിൽ ചെന്നു, അവരിൽ ഓരോരുത്തന്നു വേണ്ടി വഴിപാട് കഴിപ്പാനുള്ള, ശുദ്ധീകരണ കാലം തികഞ്ഞു എന്നു ബോധിപ്പിച്ചു" (വാക്യം 26). ദിവസവും പൗലൊസ് ദൈവാലയത്തിനകത്തു പോകയും പുറത്തു വരികയും, ശുദ്ധീകരണ ആചാരങ്ങളിൽ പങ്കെടുക്കയും ചെയ്തു.

**മാരകമായ ഒരു അനുമാനം**

"ആ ഏഴു ദിവസം തീരാറായപ്പോൾ" (വാക്യം 27), ആസ്യയിൽ നിന്നു വന്ന യെഹൂദന്മാർ അവനെ ദൈവാലയത്തിൽ കണ്ടിട്ടു പുരുഷാരത്തെ ഒക്കെയും ഇളക്കി അവനെ പിടിച്ചു. ആസ്യയിൽ നിന്നുള്ള യെഹൂദന്മാർ പൗലൊസിനെ ദൈവലായത്തിൽ കണ്ടു. ഇവർ ഒരു പക്ഷേ എഫെസൊസിൽ നിന്നുള്ളവർ ആയിരിക്കും, അവിടെ പൗലൊസ് ഏതാണ്ട് മൂന്നു വർഷം പ്രവർത്തിച്ചിരുന്നു. ആ യെഹൂദന്മാർ അവന്റെ ഉപദേശത്തെ തള്ളിക്കളഞ്ഞിരുന്നു (19:8, 9), അവനെതിരെ അവർ വീണ്ടും വീണ്ടും ഗൂഢാലോചന നടത്തുകയും ചെയ്തു (20:18, 19), അപ്പൊസ്തലനെ ഒടുക്കികളയുവാൻ കലക്കം ഉണ്ടാക്കിയതിൽ പങ്കുചേരുകയും ചെയ്തു (19:33) – എല്ലാം പ്രയോജന രഹിതമായി. ഇപ്പോൾ അവനെ നീക്കം ചെയ്യുവാൻ അവസാനം ഒരവസരം കിട്ടിയിരുന്നതായി കേട്ടു.[2]

അവർ "മുമ്പേ എഫെസ്യനായ ത്രോഫിമോസിനെ അവനോടുകൂടെ നഗരത്തിൽ കണ്ടതിനാൽ" (21:29). ത്രോഫിമോസ് പ്രത്യേക ധർമ്മശേഖരം യെരുശലേമിൽ നല്കുവാൻ പൗലൊസിനോടുകൂടെ യാത്ര ചെയ്ത ജാതിയിൽപെട്ടവനായിരുന്നു (20:4). അവൻ എഫെസൊസിൽ നിന്നായതുകൊണ്ട്, ആസ്യക്കാരായ യെഹൂദന്മാർ അവനെ കണ്ടപ്പോൾ തന്നെ തിരിച്ചറിഞ്ഞുകാണും. ഇപ്പോൾ "അവനെ ദൈവാലയത്തിൽ കൊണ്ടു വന്നതു പൗലൊസ് ആണെന്നു അവർ നിരൂപിച്ചു" (21:29).

എന്തുകൊണ്ടു ഇത് മാരകമായ നിരൂപണം ആയിരുന്നു എന്നറിയുവാൻ, ദൈവാലയത്തെക്കുറിച്ചു പല വസ്തുതകൾ നാം മനസ്സിലാക്കേണ്ടതുണ്ട്.[3] ഈ വേദഭാഗത്ത് ഗ്രീക്കുവാക്കായ *ഹിയെരോൻ* എന്നതിന്റെ തർജ്ജിമയാണ് "ടെമ്പിൾ" എന്നത്, അതു ദൈവാലയത്തിന്റെ വിശുദ്ധ സ്ഥലത്തെ സൂചിപ്പിക്കുന്നു. ദൈവാലയ സമുച്ചയത്തിൽ ജാതികൾക്കു പ്രവേശനം അനുവദിച്ചിരുന്ന സ്ഥലത്തിനു ജാതികളുടെ പ്രാകാരം എന്നറിയപ്പെട്ടിരുന്നു, എന്നാൽ അതിനപ്പുറം പോകാൻ അവരെ അനുവദിച്ചിരു*ന്നില്ല*. ജാതികളുടെ പ്രാകാരത്തിൽ നിന്നു വിശുദ്ധ പ്രാകാരത്തിലേക്കുള്ള ഓരോ പ്രവേശന കവാടത്തിലും, മുന്നറിയിപ്പ് ഉണ്ടായിരുന്നു: "മറ്റു ദേശക്കാരനോ [ക്കാരോ] വേലിക്കകത്തും ദൈവാലയത്തിനു ചുറ്റും അകത്തും പ്രവേശിക്കരുത്, അങ്ങനെ പ്രവേശിച്ചാൽ അവർ തന്നെയായിരിക്കും അവരുടെ മരണത്തിനുത്തരവാദികൾ."[4] യെഹൂദന്മാർക്കുള്ള പ്രധാന ഒഴിവായി, ദൈവാലയ വിശുദ്ധിയെ മലിനപ്പെടുത്തിയാലുള്ള, അതു റോമാ പൗരൻമാരായാലും വ്യക്തിയെ ഉടനെ മരണ ശിക്ഷയ്ക്കു

വിധേയമാക്കാൻ റോമർ ഉദ്യോഗസ്ഥരെ കൊടുത്തിട്ടുണ്ട്. പൗലൊസ് ജാതിയിൽ പെട്ട ഒരാളെ വിശുദ്ധ പ്രകാരത്തിലേക്കു കടത്തികൊണ്ടു വന്നുവെങ്കിൽ, അതു മരണ ശിക്ഷയ്ക്കുള്ള കുറ്റമാണ്!

പൗലൊസ് ദൈവാലയത്തെ അവിശുദ്ധമാക്കി എന്നു ആസ്യക്കാരായ യെഹൂദന്മാർക്കു നിരൂപിക്കാൻ കാരണം കണ്ടില്ല, നമുക്കും കാരണം കാണാൻ കഴിയുന്നില്ല. നിയമപാലകരെ ഒരാൾ സന്തോഷിപ്പിക്കാൻ ശ്രമിക്കുമ്പോൾ, ശ്രമിക്കുന്ന ആൾ ബുദ്ധിശൂന്യനല്ലെങ്കിൽ ബുദ്ധിരഹിതമായി ഒന്നും ചെയ്യുകയില്ല – പൗലൊസ് ഒരു വിഡ്ഢിയായിരുന്നില്ല.[5] എങ്ങനെയായാലും, നിങ്ങൾ ആരെയെങ്കിലും വെറുക്കുന്നുവെങ്കിൽ, നിങ്ങൾ മോശമായി നിരൂപിക്കും.

"ആസ്യക്കാരായ യെഹൂദന്മാർ, അവനെ ദൈവാലയത്തിൽ കണ്ടപ്പോൾ," എഫെസ്യകാരനായ, ദെമെത്രിയോസിന്റെ സൂത്രം എടുക്കുകയും, "പുരുഷാരത്തെ ഇളക്കുവാൻ തുടങ്ങുകയും ചെയ്തു" (വാക്യം 27).[6] അവർ "പുരുഷാരത്തെ ഒക്കെയും ഇളക്കി, അവനെ പിടിച്ചു, 'യിസ്രായേൽ പുരുഷന്മാരേ, സഹായിപ്പിൻ എന്നു വിളിച്ചു കൂകി!'" (വാക്യങ്ങൾ 27, 28). പൗലൊസ് വാസ്തവത്തിൽ ത്രോഫിമോസിനെ കൊണ്ടുവന്ന കുറ്റം ചെയ്തുവെങ്കിൽ, അവർക്കു ദൈവാലയ ചേവകരെ സഹായത്തിനു വിളിക്കാമായിരുന്നു. ആ ഉദ്യോഗസ്ഥർക്ക് പൗലൊസിനേയും നുഴഞ്ഞുകയറിയ ജാതിയിൽ പെട്ടവനേയും തടവിലാക്കുവാനും തൂക്കിക്കൊല്ലുവാനും അധികാരമുണ്ടായിരുന്നു. പകരം, ആസ്യക്കാരായ യെഹൂദന്മാർ സഹായത്തിനു പുരുഷാരത്തെയാണ് വിളിച്ചത് – അതു അവനെതിരെ വാസ്തവത്തിലുള്ള കുറ്റമില്ലായിരുന്നു എന്നു സൂചിപ്പിക്കുന്നു.

പൗലൊസിനെ അവർ കണ്ടത് ഒരു പക്ഷേ സ്ത്രീകളുടെ പ്രകാരത്തിൽ വെച്ചായിരിക്കാം. ആ പ്രകാരത്തിന്റെ വടക്കു കിഴക്കു കിഴക്കു മൂലയിലാണ് നാസറീൻ വ്രതമുള്ള വ്യക്തികൾ നില്ക്കുന്നത്. ആസ്യക്കാരായ യെഹൂദന്മാർ അപ്പൊസ്ഥലനെ പിടിച്ചു നിലവിളിച്ചു പറഞ്ഞു, "ഇവനാകുന്നു ജനത്തിനും ന്യായപ്രമാണത്തിനും വിരോധമായി,[7] എല്ലായിടത്തും, എല്ലാവരേയും ഉപദേശിക്കുന്നവൻ; അവൻ യവനന്മാരെയും[8] ദൈവാലയത്തിൽ കൂട്ടിക്കൊണ്ടുവന്നു ഈ വിശുദ്ധസ്ഥലം നിന്ദിച്ചു കളഞ്ഞു" (വാക്യം 28).[9]

യെഹൂദന്മാർക്കു മൂന്നു കാര്യങ്ങൾ വിശുദ്ധമാണ്: അവരുടെ ദേശം, അവരുടെ തിരുവെഴുത്തുകൾ, അവരുടെ ദൈവാലയം ഒന്നാമത്തേതിനെ അനാദരവ് കാണിച്ചു എന്നായിരുന്നു. പൗലൊസിന്മേൽ അവർ ചുമത്തിയ കുറ്റം, രണ്ടാമത്തെതിനെ നശിപ്പിച്ചു എന്നും, മൂന്നാമത്തതിനെ നിന്ദിച്ചു എന്നുമായിരുന്നു.[10] ആ കുറ്റാരോപണങ്ങൾ മുൻപു യെഹൂദന്മാരെ പ്രകോപിതരാക്കിയിട്ടുണ്ട്; അവർ അവ യേശുവിനെതിരായി ഉപയോഗിച്ചു (മർക്കൊസ് 14:56–64; യോഹന്നാൻ 2:19) സ്തെഫാനൊസിനെതിരെയും (പ്രവൃത്തികൾ 6:11, 13, 14). ആ രണ്ടു സന്ദർഭങ്ങളിലും, കുറ്റക്കാരെ മരണത്തിനിരയാക്കി.

തിങ്ങി നിറഞ്ഞ വീഥികളിൽ വാർത്ത കാട്ടുതീ പോലെ പടർന്നു: "നഗരം എല്ലാം ഇളക്കി, ജനം ഓടിക്കൂടി" (പ്രവൃത്തികൾ 21:30). മുൻപ്

ഒരു പെന്തെക്കൊസ്തു ദിവസം, യെരുശലേമിനു ചുറ്റുമുള്ള ആളുകളെല്ലാം അപ്പൊസ്തലന്മാരുടെ പ്രസംഗം കേൾക്കാൻ കൂടി വന്നിരുന്നു. ഇപ്പോൾ, ഇരുപത്തി – ഏഴു വർഷങ്ങൾക്കു ശേഷം, ജനങ്ങൾ ദൈവാലയത്തിലേക്കു ഓടി വന്നതു ഒരു അപ്പൊസ്തലൻ മരിക്കുന്നതു കാണുവാൻ.

"പൗലൊസിനെ പിടിച്ചു, ദൈവാലയത്തിനു പുറത്തേക്കു ഇഴെച്ചുകൊണ്ടുപോയി" (വാക്യം 30) – മറ്റൊരു വാക്കിൽ പറഞ്ഞാൽ, ദൈവാലയത്തിലെ വിശുദ്ധ സ്ഥലത്തുനിന്നു ജാതികളുടെ പ്രാകാരത്തിലേക്ക്.[11] ഇത് ഏതാണ്ട് ഒരു സഭാംഗത്തെ ആരാധന നടക്കുമ്പോൾ അവിടെ നിന്നും വലിച്ചിഴച്ച് പുറത്തേക്കു കൊണ്ടു പോകുന്നതുപോലെയാണ്. അവർ അവനെ സ്ത്രീകളുടെ പ്രാകാരത്തിൽ നിന്നും ഇഴച്ചുകൊണ്ടു പോകാൻ കാരണം. അവർ അവനെ വിശുദ്ധ സ്ഥലത്തു വെച്ചു കൊന്നാൽ, അവന്റെ രക്തം വിശുദ്ധ മന്ദിരത്തെ മ്ലേഛമാക്കും (2 രാജാക്കന്മാർ 11:15, 16; 2 ദിനവൃത്താന്തം 24:21). ഒരു നിരപരാധിയെ നശിപ്പിക്കുവാൻ അവർക്കു മടിയില്ല, പക്ഷേ ഒരു തുണ്ടു വസ്തു അശുദ്ധമാക്കാൻ അവർ ആഗ്രഹിക്കുന്നില്ല.

അവരുടെ പ്രവൃത്തികൾ വിശദമാക്കിയ ശേഷം, ലൂക്കൊസ് ഈ വിവരം കൂട്ടിച്ചേർത്തു: "ഉടനെ വാതിലുകൾ അടച്ചുകളഞ്ഞു" (വാക്യം 30). ഒരു പക്ഷേ ആ വാക്കുകൾ വിശദീകരണം പറയുവാൻ കൂട്ടിച്ചേർത്തതാകാം; ദൈവാലയം കാക്കുന്ന ചേവകർ ജാതികളുടെ പ്രാകാരം കൂടുതൽ കുഴപ്പം ഉണ്ടാകാതിരിക്കാൻ വാതിലുകൾ അടച്ചതാകാം, അങ്ങനെ ആരാധകർക്ക് പിന്നെ ശല്യം ഇല്ലാതിരിക്കുമല്ലോ. നിരവധി വ്യാഖ്യാതാക്കൾ, എങ്ങനെയായാലും, ആ വാക്കുകളിൽ ഒരു അലങ്കാരികമായ പ്രാധാന്യം കാണുന്നുണ്ട്.

> ലൂക്കൊസിനു അല്പം, ഈ നിമിഷം തന്റെ ചരിത്ര പുസ്തകത്തിൽ വിശദമാക്കിയതനുസരിച്ചു യെരുശലേം ദൈവാലയത്തിലെ ആദരണീയ കാര്യങ്ങളെല്ലാം നിന്നു പോകുന്നതായിരുന്നു. സന്ദേശവും സന്ദേശ വാഹകനെ പേർ വിളിച്ചപ്പോൾ പ്രത്യേകമായി ആ ശൂന്യതയെ മുദ്രയിൽ പറഞ്ഞിരുന്നു: യേശു അനേക വർഷങ്ങൾക്കു മുൻപു പ്രവചിച്ച നാശം സംഭവിക്കാൻ സമയമായി (ലൂക്കൊസ് 21:6).[12]

> ... വാതിൽ അടക്കുന്നതിന്റെ ആലങ്കാരിക പ്രാധാന്യം എന്തെന്നാൽ ദൈവാലയം ജാതികളിൽ നിന്നുള്ള ക്രിസ്ത്യാനികൾക്ക് പ്രാധാന്യമുള്ളതല്ല [സഭയിലെ ഒരു ഭാഗം]. എ.ഡി. 70–നു ശേഷം – അതു യെഹൂദ ക്രിസ്ത്യാനികൾക്കും അർത്ഥ ശൂന്യമായിതീരുന്നു.[13]

### ക്രമം തെറ്റിയ ഒരു അനുമാനം

അവർ ആരോപിച്ചതുപോലെ പൗലൊസ് കുറ്റക്കാരൻ ആയിരുന്നെങ്കിൽ, അവനെ ദൈവാലയ കാവൽക്കാർ നഗരത്തിന്നു പുറത്തുകൊണ്ടുപോയി കല്ലെറിയേണ്ടിയിരുന്നു (പ്രവൃത്തികൾ 7:58; ലേവ്യാ

പുസ്തകം 24:10–14). പകരം, പുരുഷാരം മൃഗീയമായും ബുദ്ധിശൂന്യമായും അവനെ അടിച്ചുകൊല്ലുവാൻ തുനിഞ്ഞു (പ്രവൃത്തികൾ 21:32). ദൈവം ഇടപെട്ട് തല്ക്കാല ശമനം വരുത്തിയപ്പോൾ പൗലൊസിനു തന്റെ ജീവൻ ഏതാനും നിമിഷങ്ങൾ മാത്രമായിരുന്നു ബാക്കിയുണ്ടായിരുന്നത്. വിരോധാഭാസമായി, ദൈവം ഒരു മതപരമായ കൂട്ടത്തെ ഒതുക്കുവാൻ മതപരമല്ലാത്ത ശക്തിയെ ഉപയോഗിച്ചു.[14] "അവർ അവനെ കൊല്ലുവാൻ ശ്രമിക്കുമ്പോൾ, യെരുശലേം ഒക്കെയും കലക്കത്തിൽ ആയി എന്നു പട്ടാളത്തിന്റെ സഹസ്രാധിപറന്നു വർത്തമാനം എത്തി" (വാക്യം 31).

പൊതുവിൽ പാലസ്തീനിലും പ്രത്യേകിച്ചു യെരുശലേമിലും റോമിന്റെ സൈന്യാധിപർക്കു കൂടുതൽ തലവേദനയുണ്ടാകും. ആ മേഖല ഭരിക്കുന്ന നേട്ടം തിളച്ചുമറിയുന്ന അഗ്നി പർവ്വതത്തിന്നു മുകളിൽ ഇരിക്കുന്നതു പോലെയാണ്. പെരുന്നാൾ ദിവസങ്ങളിലെ പോലെ ഒരിക്കലും മറ്റു ദിവസങ്ങളിൽ ആകയില്ല, ആ സമയത്ത് ആയിരക്കണക്കിനു യെഹൂദന്മാർ യെരുശലേമിൽ തിങ്ങി നിറഞ്ഞിരിക്കും. ആ അവസരത്തിൽ, കൂടുതൽ സൈന്യത്തെ നഗരത്തിൽ വിന്യസിച്ചു, കുഴപ്പത്തെ നേരിടാൻ സജ്ജമാക്കും.

ആ സൈന്യം ദൈവാലയത്തിന്റെ വടക്കു പടിഞ്ഞാറായി സ്ഥിതി ചെയ്തിരുന്ന, അന്റോണിയയുടെ കോട്ടയിൽ താവളം അടിച്ചിരിക്കാം. മഹാനായിരുന്ന ഹെരോദാവിന്റെ കാലത്തു പുതുക്കിപ്പണിത കോട്ടക്ക് മാർക്ക് ആന്റണിയുടെ പേരിടുകയും ചെയ്തു, അദ്ദേഹം ഹെരോദാവിന്റെ സ്നേഹിതനും രക്ഷാധികാരിയും ആയിരുന്നു. കോട്ടയുടെ ഗോപുരം, ദൈവാലയത്തിനു മുകളിൽ, അമ്പതു അടി ഉയരവുമായിരുന്നു – അതിന്നുമുകളിൽ വീണ്ടും അമ്പതടി ഉയരത്തിൽ കാവൽ ഗോപുരവും ഉണ്ടായിരുന്നു. അതിൽകൂടെ നോക്കുന്നവർക്കു ദൈവാലയത്തിന്റെ എല്ലാ ഭാഗവും കാണാം, കൂടാതെ നഗരത്തിന്റെ മുക്കാൽ ഭാഗവും കാണാം.

സുരക്ഷക്കായി നിയമിച്ചിരുന്ന പ്രാദേശിക ഉദ്യോഗസ്ഥൻ ക്ലൗദ്യൊസ് ലസിയോസ് (23:26), ആയിരം പടയാളികളുടെ അധിപൻ ആയിരുന്നു.[15] താൻ ഭയപ്പെട്ട യെഹൂദന്മാരിൽ നിന്നു ആ ദിവസം അവന് ശല്യമുണ്ടായി: "എല്ലാ യെരുശലേ [മും] കലക്കത്തിലായി!"[16] കോട്ട, പുറത്തേക്കുള്ള പ്രാകാരത്തിലേക്കു പാലായനം ചെയ്യാവുന്ന രണ്ടു കോണികളാൽ ബന്ധിച്ചിരിക്കയാണ്. വേഗം കല്പന കൊടുക്കുവാൻ, അവൻ പടവുകളിലെത്തി. "അവൻ ക്ഷണത്തിൽ പടയാളികളേയും ശതാധിപന്മാരെയും കൂട്ടിക്കൊണ്ടു, അവരുടെ നേരെ പാഞ്ഞു വന്നു" (21:32).

ആയിരക്കണക്കിനു പടയാളികളെ[17] കണ്ട ജനക്കൂട്ടം ഒരു നിമിഷത്തേക്കു അമ്പരന്നുപോയി: "അവർ സഹസ്രാധിപനെയും പടയാളികളേയുംകണ്ടപ്പോൾ, പൗലൊസിനെ അടിക്കുന്നതു നിർത്തി" (വാക്യം 32). കുഴപ്പക്കാരെ നിയന്ത്രിക്കാൻ അഭ്യാസം ലഭിച്ചവനായിരുന്ന, ക്ലൗദ്യൊസ്, പ്രാഥമികമായി സ്ഥിതി വിലയിരുത്തി. അവൻ നോക്കിയപ്പോൾ ജനക്കൂട്ടമെല്ലാം ചേർന്ന് ഒരാളെ അടിച്ച് രക്തം ഒഴുകുന്നതാണ് കണ്ടത്. പെട്ടെന്ന്, "അവൻ അടുത്തുവന്നു അവനെ പിടിച്ചു" (വാക്യം 33), കലഹക്കാരെ അമർച്ച ചെയ്തു അവനെ രക്ഷിക്കുവാൻ അധികമൊന്നും

ചെയ്തില്ല.[18] ക്രോധത്തിനു കാരണം ആ മനുഷ്യനാണെന്നു കരുതി,[19] "അവനെ രണ്ടു ചങ്ങല വെപ്പാൻ പടയാളികളോട് കല്പിച്ചു" (വാക്യം 33). ബന്ധനങ്ങൾ യെരുശലേമിൽ പൗലൊസിനായി കാത്തിരിക്കുന്നു എന്ന പ്രവചനം ഇതു നിവർത്തിയാക്കി (20:22, 23; 21:10, 11).[20]

സൈന്യാധിപൻ സംഭവം വിശദമാക്കേണ്ടതു കൊണ്ട്,[21] അവൻ "ആർ എന്നും എന്തു ചെയ്തു എന്നും ചോദിച്ചു" (21:33)[22] – അതു നമ്മെ ജനക്കൂട്ടത്തിന്റെ ക്രമം തെറ്റിയ അനുമാനത്തിലേക്കു കൊണ്ടുവരുന്നു: "പുരുഷാരത്തിൽ ചിലർ ഇങ്ങനെയും ചിലർ അങ്ങനെയും നിലവിളിച്ചു കൊണ്ടിരുന്നു" (വാക്യം 34).[23] പൗലൊസിന്റെ മേൽ ചുമത്തിയ കുറ്റം എന്താണെന്നു പോലും അധികം പേർക്കും അറിയില്ലായിരുന്നു, എന്നാൽ അത്തരം ബഹളത്തിനു എന്തെങ്കിലും ഭയങ്കര കരാണം ഉണ്ടാകും എന്ന് അവർ കരുതി. "തീയില്ലാതെ, പുകയുണ്ടാകുമോ" എന്ന പഴഞ്ചൊല്ലി നോട് അവർ യോജിച്ചു.

ആ ഉദ്യോഗസ്ഥനു സഹായകരമായി ഒന്നും കിട്ടിയില്ല എന്ന് ഉടനെ അയാൾ കണ്ടെത്തും. "നിശ്ചയം ഒന്നും അറിഞ്ഞുകൂടായ്കയാൽ,[24] അവനെ [പൗലൊസ്] കോട്ടയിലേക്ക് കൊണ്ടു പോകുവാൻ കല്പിച്ചു" (വാക്യം 34) അവിടെ അവനെ വിചാരണ ചെയ്യുകയും തടവിലാക്കു കയും ചെയ്യും. പൗലൊസ് ഇപ്പോൾ ഒരു റോമാ തടവുകാരനായി; പ്രവൃ ത്തികളുടെ പുസ്തകാവസാനം വരെ അവൻ തടവിലായിരിക്കും.

പൗലൊസിനെ സൂക്ഷിച്ചവർ പടിക്കെട്ടു കയറാൻ തുടങ്ങിയപ്പോൾ, കുലക്കൊരുക്കിയ ജനക്കൂട്ടം അവരുടെ ഇര രക്ഷപ്പെടുമെന്ന് ഓർത്തു അക്രമാസക്തരായി. ഇതു മനസ്സിലാക്കിയ, പടയാളികൾ പൗലൊസിനെ ശാരീരികമായി പൊക്കിയെടുത്തു[25] ജനക്കൂട്ടത്തിന്റെ ഇടയിൽ കൂടെ വഴി ഒരുക്കി കടന്നുപോയി (വാക്യം 35).[26] ആളുകൾ "അവനെ കൊന്നുക ളക!" എന്നു, ആർത്തുകൊണ്ടിരുന്നു (വാക്യം 36). അവർ അർത്ഥമാ ക്കിയതു: "അത്തരം ഒരാളെ ... , ജീവനോടെ വെച്ചു കൊണ്ടിരിക്കരുത് എന്നാണ്!" (22:22). ആ സ്ഥലത്തു കുറച്ചു അടി മാത്രം അകലെ വെച്ചാ ണ്, മറ്റൊരു കൂട്ടം യേശുവിന്റെ മരണത്തിനായി ഇതേ വാക്കുകൾ ഉച്ച രിച്ചത്![27]

**സംശയകരമായ ഒരു അനുമാനം**

അവർ പടിക്കെട്ടിൽ എത്തിയപ്പോൾ, അപ്പൊസ്തലൻ ആദ്യമായി സംസാരിച്ചു.[28] "കോട്ടയിൽ കടക്കുമാറായപ്പോൾ, പൗലൊസ് സഹസ്രാ ധിപനോട്, 'എനിക്കു നിന്നോടു ഒരു വാക്കു പറയാമോ?'" (വാക്യം 37). കലക്കത്തിനിടയിൽ, ഒരാൾ ശാന്തനായിരുന്നു[29] – സ്വന്ത രക്തത്താൽ മൂടപ്പെട്ട ശരീരത്തോടു കൂടിയവൻ. സൈന്യത്തെകണ്ടു ഉപചാരപൂർവ്വം, അവൻ സംസാരിക്കുവാൻ അനുവാദം ചോദിച്ചു.

പൗലൊസ് സംസാരിക്കുന്നതു കേട്ടിട്ടു, ആ ഉദ്യോഗസ്ഥൻ ഞെട്ടി പ്പോയി. "നിനക്കു യവന ഭാഷ അറിയാമോ?" എന്ന് അവൻ ചോദിച്ചു (വാക്യം 37). പൗലൊസിന്റെ വാക്കുകൾ അവനെ ആശ്ചര്യപ്പെടുത്തി യതു എന്തുകൊണ്ടെന്ന് നമുക്ക് അറിയില്ല.[30] യെഹൂദന്മാർ യവനഭാഷ സംസാരിക്കുന്നതു സാധാരണയായിരുന്നു, കാരണം അന്നത്തെ സാർവ്വ

ലൗകിക ഭാഷ അതായിരുന്നു. ഒരുപക്ഷേ പൗലൊസ് പറഞ്ഞ യവന ഭാഷ നിലവിലുള്ള നിലവാരത്തിൽ ആയിരിക്കയില്ല; പൗലൊസിന്റെ വാക്കുകൾ വിദ്യാഭ്യാസമുള്ള ഒരാളുടേതായിരുന്നു.

പിന്നെ സഹസ്രാധിപൻ തന്റെ അനുമാനം വെളിപ്പെടുത്തി: "കുറെ നാൾ മുമ്പെ കലഹം ഉണ്ടാക്കി നാലായിരം[31] കട്ടാരക്കാരെ[32] മരുഭൂമിയിലേക്കു കൂട്ടിക്കൊണ്ടുപോയ മിസ്രയിമ്യൻ നീയല്ലയോ എന്നു ചോദിച്ചു?" (വാക്യം 38). യെഹൂദ ചരിത്രക്കാരനായിരുന്ന ജോസെഫെസ്, ഏതാണ്ട് മൂന്നു വർഷം മുൻപ്, ഒരു മിസ്രയിമ്യൻ, മശിഹ എന്നു അവകാശപ്പെട്ട് (മത്തായി 24:26; പ്രവൃത്തികൾ 5:36, 37), ഒരു കൂട്ടം സൈന്യവുമായി ഒലിവു മലയിലേക്കു പോയി. യെരിഹോ മതിൽ വീണതുപോലെ യെരുശലേമിന്റെ മതിലുകൾ വീഴ്ത്തുമെന്ന് ഭീഷണിമുഴക്കി, പിന്നെ അവനെയും അവന്റെ സൈന്യത്തേയും റോമാക്കാരിൽ നിന്നു പിടിച്ച് എടുത്തു. റോമാ നാടുവാഴി, ഫെലിക്സ്, അക്രമികളെ ആക്രമിച്ചു. നാനൂറു പേരെ കൊല്ലുകയും ഇരുന്നൂറു പേരെ പിടിച്ചെടുക്കുകയും ചെയ്തു, എന്നാൽ മിസ്രയിമ്യൻ ഓടി രക്ഷപ്പെട്ടു. ആ കാലം മുതൽ, അവൻ റോമാക്കാർക്കു "ഏറ്റവും ആവശ്യമായ" പിടികിട്ടാപ്പുള്ളിയായിരുന്നു. സ്പഷ്ടമായും, ഈ ഉദ്യോഗസ്ഥൻ വിചാരിച്ചു, ആ അക്രമി ഇതാ എന്റെ കയ്യിൽ വന്നു വീണിരിക്കയാണ് എന്ന്.

അധികാരികൾ വിചാരിച്ച മനുഷ്യൻ അല്ല താൻ എന്നു പൗലൊസ് ഉടനെ അവരെ ധരിപ്പിക്കുവാൻ ആഗ്രഹിച്ചു: "ഞാൻ കിലിക്യയിൽ, തർസൊസ് എന്ന പ്രസിദ്ധ നഗരത്തിലെ പൗരനായ ഒരു യെഹൂദനാകുന്നു" (പ്രവൃത്തികൾ 21:39).[33] ഒരു യെഹൂദനായതുകൊണ്ട്, പൗലൊസിനു ദൈവാലയത്തിൽ കടക്കുവാൻ അവകാശമുണ്ട്. തർസൊസിലെ പൗരനായതുകൊണ്ട് – സാംസ്കാരികവും രാഷ്ട്രീയവുമായ മുൻഗണനയുണ്ട് – അവൻ ആളുകളെ ഇളക്കുന്നവനല്ല, ഉത്തരവാദിത്വമുള്ള വ്യക്തിയാണ്.

പിന്നെ പൗലൊസ് ആവശ്യപ്പെട്ടത് ആ ഉദ്യോഗസ്ഥനെ അതിശയിപ്പിച്ചു: "ജനത്തോടു സംസാരിക്കുന്നത് അനുവദിക്കേണം എന്ന്, അപേക്ഷിക്കുന്നു എന്നു പറഞ്ഞു" (വാക്യം 39). നമ്മുടെ അടുത്ത പാഠത്തിൽ, പൗലൊസ് പടിക്കെട്ടിനു മുകളിൽ കയറി നില്ക്കുന്നതു നാം കാണും (വാക്യം 40), അടങ്ങി നില്ക്കാൻ കഴിയാതെ തിക്കിതിരക്കികൊണ്ടിരുന്ന താഴെയുള്ള ജനത്തോടു സംസാരിക്കയാണ്. ഒരു നിമിഷം, ഒന്നു നിന്ന് അനുമാനത്തിന്റെ അപകടങ്ങളെ വ്യക്തിപരമായും പ്രായോഗികമാക്കിയും ഒന്നു നോക്കാം.

### അപകടകരമായ അനുമാനങ്ങൾ ഇന്ന്

ആദ്യം അനുമാനം നടക്കുന്നതു ആസ്യക്കാരായ യെഹൂദന്മാരും, റോമാ സഹസ്രാധിപനും, പുരുഷാരവുമൊന്നുമായിരുന്നില്ല. മറിയയും യോസേഫും "അവൻ [യേശു] സഹയാത്രികരുടെ കൂട്ടത്തിൽ ഉണ്ടെന്നു ഊഹിച്ചു, ഒരു ദിവസത്തെ വഴി പോന്നു" (ലൂക്കൊസ് 2:44). പെന്തെക്കൊസ്നാളിൽ അപ്പൊസ്തലന്മാർ ലഹരി പിടിച്ചിരിക്കുന്നു എന്നു ഊഹിച്ചു (പ്രവൃത്തികൾ 2:15). ഭൂമികുലുക്കം ഉണ്ടായപ്പോൾ കാരാഗൃഹ

പ്രമാണി, "ചങ്ങലക്കാർ ഓടിപ്പൊയ്ക്കളഞ്ഞു എന്നു ഊഹിച്ചു, വാളൂരി തന്നെത്താൻ കൊല്ലുവാൻ ഭാവിച്ചു" (പ്രവൃത്തികൾ 16:27).[34]

ഇതുപോലെയുള്ള ഊഹങ്ങൾ കരുതലോടെ കാണണം, കാരണ അത്തരം അനുമാനങ്ങൾ വിപത്തുകൾ പോലെയാണ്: തങ്ങളുടെ മതപരമായ പാരമ്പര്യത്താൽ തങ്ങൾ രക്ഷിക്കപ്പെടും എന്നു ചിലർ വിശ്വസിക്കുന്നു (മത്തായി 3:9); ചിലർ വിചാരിക്കുന്നതു "മതഭക്തി ആദായ സൂത്രം" എന്നാണ് (1 തിമൊഥെയൊസ് 6:5); ചിലർ വിചാരിക്കുന്നതു തങ്ങൾക്കു മറ്റുള്ളവരുടെ തെറ്റുകളെ വിധിക്കുവാൻ അധികാരമുണ്ടെന്നാണ് അതേ സമയം അവർ അതേ തെറ്റു ചെയ്തിട്ടു, അവർ ന്യായവിധിയിൽ ഒഴിവുമാകും എന്നു വിചാരിക്കുന്നു (റോമർ 2:3).[35]

ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചവരോടുകൂടെ ഊഹങ്ങൾ നിന്നുപോയിട്ട് ഇന്നും അപകടകരമായ അനുമാനങ്ങൾ നമുക്കു ചുറ്റും ഉണ്ട്.[36]

**തത്വങ്ങളോടു ബന്ധമുള്ള അനുമാനങ്ങൾ**

മതപരമായ ലോകത്തു മുൻകൂട്ടി നിർണ്ണയിച്ചിരിക്കും ധാരാളം അനുമാനങ്ങളെ നാം പ്രത്യേകമായി നോക്കി കാണേണ്ടതാണ്. കുറെ വർഷങ്ങൾക്കു മുൻപു ബോബി ഡങ്കൺ എഴുതി:

> ... "വിശ്വാസത്താൽ മാത്രം രക്ഷ" എന്ന ഉപദേശം നാം വായിക്കുന്ന വസ്തുതകൾക്കപ്പുറം വളർന്ന ഒന്നാണ് ... ധാരാളം വേദഭാഗങ്ങളിൽ ഒന്ന് വിശ്വാസത്താൽ രക്ഷിക്കപ്പെടുന്നു എന്നു പറയുകയും, പിന്നെ, ഇതേ വിഷയത്തെക്കുറിച്ചു പറയുന്ന മറ്റു വേദ ഭാഗങ്ങൾ ഗണ്യമാക്കാതെ, അവർ രക്ഷ വിശ്വാസത്താൽ മാത്രം ലഭിക്കുന്ന തീർപ്പിലേക്കു അയാൾ എടുത്തു ചാടുകയാണ്. "രക്ഷ പ്രവൃത്തികളാൽ ലഭിക്കുന്നതല്ല," എന്നു ഒരാൾ വായിരക്ഷക്കു വേണ്ടി ഒന്നും ചെയ്യേണ്ട എന്ന തീർപ്പിലെത്തുന്നു. പാപികൾ ക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെടുന്നു എന്നയാൾ വായിച്ചേക്കാം, എന്നിട്ട് സഭ അപ്രധാനമായ സ്ഥാപനമാണെന്ന് തീർപ്പിലെത്തും.
>
> [അയാൾ] "ക്രിസ്തു സകല മനുഷ്യർക്കും വേണ്ടി മരണം ആസ്വദിച്ചു," എന്നു വായിച്ചു കൊണ്ട് എല്ലാവരും രക്ഷിക്കപ്പെടും എന്ന തീർപ്പിൽ എത്തും. വീണ്ടും അയാൾ "കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും," എന്നു വായിച്ചു കൊണ്ട് അന്യാധീനപ്പെട്ട പാപി രക്ഷപ്പെടാൻ, പ്രാർത്ഥിച്ചാൽ മതി എന്നു തീർച്ചപ്പെടുത്തും. വീണ്ടും വിശ്വസിക്കുന്നവർ, ശിക്ഷിക്കപ്പെടുകയില്ല എന്ന വേദഭാഗം വായിച്ചു ക്രിസ്ത്യാനികൾ കൃപയിൽ നിന്നു വീണു പോകാൻ സാധ്യതയില്ല എന്ന തീർപ്പിലെത്തിച്ചേരുന്നു ... ഈ എല്ലാ ദുരുപദേശങ്ങളും ഒഴിവാക്കുവാൻ എല്ലാ വസ്തുതകളും മനസ്സിലാക്കുന്നതിനു മുൻപു ഒരു തീർപ്പിൽ എത്താതിരിക്കുകയാണ് വേണ്ടത് ... [ഒ]രാൾക്ക് ഒരു വിഷയത്തെക്കുറിച്ച് ബൈബിൾ പറയുന്നു എല്ലാ ഭാഗങ്ങളും അതായതു മുഴുവൻ സത്യവും അറിയുന്നതുവരെ അയാൾ സത്യം അറിഞ്ഞിട്ടില്ല.[37]

**ആളുകളുമായി ബന്ധമുള്ള അനുമാനങ്ങൾ**

നമ്മിൽ അനേകരുടെ ജീവിതത്തിൽ, എങ്ങനെയായാലും, നാം മറ്റുള്ളവരെക്കുറിച്ചു വെച്ചു പുലർത്തുന്ന അനുമാനങ്ങളാണ് കൂടുതൽ മാരകമായവക. ഒരിക്കൽ ഒരാൾ കസേരയിൽ ഇരുന്നു തോട്ടത്തിൽ കിളച്ചു – കൊണ്ടിരുന്നു. "ഇയാളെപോലെ ഒരു മടിയനെ ഞാൻ കണ്ടിട്ടേയില്ല!" എന്നു അതു വഴി കടന്നു പോയ ഒരാൾ വിചാരിച്ചു പിന്നീട് തോട്ടക്കാരന്റെ കാലിനടുത്ത് ഒരു ജോഡി ഊന്നുവടി കണ്ടപ്പോൾ – ആ വഴിപോക്കന്റെ മുഖം വിളറിപ്പോയി.[38]

"ഊഹാപോഹങ്ങൾ," എന്ന ഒരു ലേഖന വിഷയത്തിൽ ക്രിസ് സ്മിത്ത് നിരീക്ഷിച്ചത് എന്തെന്നാൽ നാം ഊഹിക്കുന്നതും സത്യവും തമ്മിൽ വലിയൊരു അന്തരമുണ്ട്:

> നമ്മുടെ വിവരം ശരിയാണോ എന്ന് നാം എപ്പോഴെല്ലാം ചിന്തിക്കാറുണ്ട്, പിന്നീടല്ലേ നമുക്ക് തെറ്റിപ്പോയി എന്നു മനസിലാക്കുന്നത്?
>
> *ഊഹം:* "അവൾ വിചാരിക്കുന്നതു താനാണ് എല്ലാവരേക്കാളും ശ്രേഷ്ഠ എന്നാണ്." *സത്യം:* അവൾ നാണം കുണുങ്ങിയാണ്, തനിക്കു കൂടുതൽ സുഹൃത്തുക്കൾ ഉണ്ടായിരുന്നെങ്കിൽ എന്നാഗ്രഹിക്കുകയും, എന്തു കൊണ്ടാണ് കിട്ടാതിരിക്കുന്നതെന്ന് ആശ്ചര്യപ്പെടുകയും ചെയ്യുന്നു.
>
> *ഊഹം:* "മൂപ്പന്മാർ അതിനെ സംബന്ധിച്ചു ഒന്നും ചെയ്തില്ല!" *സത്യം:* മൂപ്പന്മാർ അതിന്നു രണ്ടു പ്രത്യേക മീറ്റിങ്ങുകൾ സംഘടിപ്പിച്ചു, നീണ്ടു പ്രാർത്ഥിച്ചു, കഴിവതും നല്ല തീരുമാനം എടുത്തു, രഹസ്യത്തെ മാനിച്ചു അത് ആരോടും പറഞ്ഞില്ല.
>
> *ഊഹം:* "വിൽമാ വാസ്തവത്തിൽ പരിഭ്രാന്തിപ്പെട്ടു! അവൾ വിൽബറിനോടും, അവൾ ജോസഫീനോടും, അവൾ എന്നോടും പറഞ്ഞു ..." *സത്യം:* ആർക്കറിയാം?! വിൽമ പറഞ്ഞു.
>
> നമുക്കു ലഭിക്കുന്ന വിവരങ്ങൾ രണ്ടു – പ്രാവശ്യം നമുക്കു പരിശോധിക്കാൻ കഴിയുന്നുണ്ടോ? ഒരു പക്ഷേ ഇല്ലായിരിക്കാം. അതിനു ധാരാളം സമയം ആവശ്യമാണ്. നാം അനുമാനം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ടേ? അതു ആളുകളെക്കുറിച്ച് ആകുമ്പോൾ, തീർച്ചയായും! ഒരാളുടെ കീർത്തിവിലയുള്ള വസ്തുവാണ് അതു അപൂർണ്ണവിവരത്താൽ, പകുതി സത്യത്താൽ, ദൂഷണത്താൽ അതു നശിക്കാനിടയാകും.[39]

റോമാ സഹസ്രാധിപൻ പൗലൊസിന്റെ കാര്യം അറിഞ്ഞപ്പോൾ, അവൻ ആശ്ചര്യപ്പെട്ടു. നാമും, മറ്റുള്ളവരും, ദിവസന്തോറും കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതു അറിഞ്ഞാൽ അതിശയിച്ചു പോകും. ആരോ എഴുതിയിട്ടുണ്ട്, "ആളുകൾ വഹിക്കുന്ന ക്രൂശുകൾ പ്രത്യേകിച്ചു കാഴ്ചയിൽ ഉള്ളതു മാത്രമാണ്."[40]

വളരെ മുൻപ് യേശു പറഞ്ഞു: "നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്നു വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ, നിങ്ങളെയും

വിധിക്കും; ..." (മത്തായി 7:1, 2). എന്റെ നല്ല വശങ്ങൾ ആളുകൾ വിശ്വസിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു, നിങ്ങൾ അങ്ങനെയല്ലേ? അത് അങ്ങനെയാണെങ്കിൽ, ഞാൻ എല്ലായ്പോഴും മറ്റുള്ളവരുടെ പ്രവൃത്തികളിലെ നന്മയെ മാത്രമാണ് എടുക്കേണ്ടത് (1 കൊരിന്ത്യർ 13:7) – അങ്ങനെയായിരിക്കണം നിങ്ങളും.

**ഉപസംഹാരം**

പ്രവൃത്തികൾ 21:27–40 വരെയുള്ള ഭാഗങ്ങൾ ഞാൻ നോക്കുമ്പോൾ, ഞാൻ രണ്ടു തരം ആളുകളെയാണ് കാണുന്നത്: കലക്കത്തിലായവരും സമർപ്പിക്കപ്പെട്ടവരും. ആസ്യക്കാരായ യെഹൂദന്മാർ, ജനക്കൂട്ടം, റോമാ സഹസ്രാധിപൻ – എല്ലാവരും കലക്കത്തിലായിരുന്നു. മറുവശത്ത്, പൗലൊസ് സാഹചര്യം ഏതായാലും – കർത്താവിന്നു സമർപ്പിക്കപ്പെട്ടവനായിരുന്നു. ഇതിൽ ഏതിലാണ് നിങ്ങൾ പെടുന്നത്? നിങ്ങൾ കലക്കത്തിൽ ആണെങ്കിൽ, നിങ്ങൾക്കു ശരിയായ ചിന്തയുണ്ടാകുവാൻ ഞാൻ പ്രാർത്ഥിക്കുന്നു – പിന്നെ നിങ്ങളുടെ കർത്താവിനു ഉടനെ തന്നെ സമർപ്പിക്കപ്പെടുക. ആർ എന്തു പറയുന്നു എന്നു നോക്കാതെ ആളുകൾ കർത്താവിന്നു വേണ്ടി നില്ക്കുവാൻ തയ്യാറുള്ളവർ ഇപ്പോൾ തന്നെ പ്രായോഗികമാക്കാൻ കർത്താവ് പ്രതീക്ഷിക്കുന്നു!

---

കുറിപ്പുകൾ

[1]പെന്തെക്കൊസ്തു പെരുന്നാൾ ഒരു - ദിവസത്തേക്കു മാത്രമുള്ളതാണെങ്കിലും, ദുരസ്ഥലങ്ങളിൽ നിന്നു വരുന്നവർ തങ്ങളുടെ യെരുശലേമിലെ താമസം മിക്കവരും ദീർഘിപ്പിക്കും. [2]ഒരുപക്ഷേ, കൂടിവന്ന യെഹൂദന്മാർ ഗലാത്യ, മക്കെദൊന്യ, അഖായ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ളവരാകാം - ഈ പ്രദേശങ്ങളിലെല്ലാം യെഹൂദന്മാർ പൗലൊസിനെ കൊല്ലുവാൻ ശ്രമിച്ചു. ആസ്യയിൽ നിന്നുള്ള യെഹൂദന്മാർ പുരുഷാരത്തെ ഇളക്കി വിട്ടിരുന്നില്ലെങ്കിൽ, മറ്റു ദേശത്തു നിന്നുള്ളവർ ഇതേപോലെ ചെയ്യുമായിരുന്നു. ഈ ഉദ്ദേശത്തിനു ചിലർ യെരുശലേം വരെ പൗലൊസിനെ അനുഗമിക്കാനും സാധ്യതയുണ്ട്. [3]ദൈവാലയത്തെക്കുറിച്ചു മറ്റു നോട്ടുകൾക്ക് "ഒരു സൗഖ്യസംഭവം" എന്നതു "പ്രവൃത്തികൾ, 1-ാം" നോക്കുക. [4]"പ്രവൃത്തികൾ, 2-ാം" ലക്കത്തിലെ "നിങ്ങൾക്കു കഴിയുന്നതു ചെയ്യുവാൻ നിങ്ങൾക്ക് ഉള്ളതു ഉപയോഗിക്കുക" എന്നതു നോക്കുക. [5]ത്രോഫിമോസ് അശ്രദ്ധമായി ദൈവാലയത്തിന്റെ വിശുദ്ധപ്രാകാരത്തിൽ കയറിയിരിക്കാം എന്നു ചിലർ പറയുന്നുണ്ട്. ഐ.ഹോവാർഡ് മാർഷൽ പറഞ്ഞു, "ക്രെംലിനിലെ ഒരു രഹസ്യമുറിയിൽ ഒരാൾ കാഴ്ച്ച കാണാൻ തിരഞ്ഞു കയറുന്നതു പോലെ അസാദ്ധ്യമായ ഒന്നാണ്" (*ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്*, ദ ടിൻ ഡെയിൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്: ഡബ്ലിയു എം.ബി.എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1980], 348). [6]യെരുശലേമിലെ എഫെസൊസിലെ രംഗസ്ഥലത്ത് കലഹത്തിനു ആക്കം കൂട്ടിയത് അലെക്സാണ്ടറും മറ്റുമാണെന്നു പറയപ്പെടുന്നു (19:33, 34). അങ്ങനെയെങ്കിൽ, അവർ ദെമെത്രയൊസിൽ നിന്നു മറ്റു തട്ടാൻമാരിൽ നിന്നും വേണ്ടത്ര പഠിച്ചു കാണും. [7]"ആളുകൾ" എന്നു മാത്രമാണ് ഗ്രീക്ക് വേദപുസ്തകത്തിൽ (കെജെവി നോക്കുക), എന്നാൽ യെഹൂദർ ഉപയോഗിക്കുന്ന പദപ്രയോഗം അനുസരിച്ച് "യെഹൂദന്മാർ," എന്ന വാക്കിന്റെ അർത്ഥം എൻ എ എസ് ബി തർജ്ജിമയിൽ

“നമ്മുടെ ആളുകൾ” എന്നാണ്. [8]ഒരു മനുഷ്യൻ (ത്രൊഫിമൊസ്) കൂടുതലായി “യവനന്മാർ” (ബഹുവചനം) ആയി നാസറീൻവ്രതം അനുഷ്ടിക്കുവാൻ വന്ന നാലു പുരുഷന്മാർ ജാതിയിൽ പെട്ടവരാണെന്നു ആസ്യക്കാരായ യെഹൂദന്മാർ വിചാരിച്ചുവോ? [9]കൃത്യമായ ആരോപണങ്ങൾ മനസ്സിൽ വെക്കുക. പിന്നീട് പൗലൊസ് ആരോപണം തെളിയിക്കുവാനും കേസ് എടുക്കുവാനും യെഹൂദന്മാരെ അവൻ വെല്ലുവിളിക്കുന്നുണ്ട് (24:19). [10]പൗലൊസിന്മേൽ ആരോപിക്കപ്പെട്ട വസ്തുതയായ ദൈവാലയത്തെ തീണ്ടിച്ചു എന്നതു അവൻ അവിടെ ശുദ്ധീകരണ പ്രക്രിയയായിരുന്നു നടത്തിയതെന്നതുകൊണ്ട് അതു വ്യാജമായിരുന്നു.

[11]ആ നഗരത്തിൽ ഏറ്റവും കൂടുതൽ ആളുകളെ ഉൾക്കൊള്ളിക്കാൻ മതിയായ സ്ഥലം ജാതികളുടെ പ്രാകാരം മാത്രമായിരുന്നു. വാക്യം 30-ൽ “ദൈവാലയം” എന്നത് മുൻപു ഉപയോഗിച്ചിരുന്ന ദൈവാലയത്തിന്റെ *വിശുദ്ധ*ഭാഗം എന്ന അർത്ഥത്തിൽ തന്നെയാണ്. [12]എഫ്. എഫ്. ബ്രൂസ്, *ദ ബുക്ക് ഓഫ് ആക്സ്*, റെവ. ഇഡി. (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം.ബി. എർഡ്മാൻസ് പബ്ലിഷിങ് കമ്പനി, 1988), 410. [13]സൈമൺ ജെ. കിസ്റ്റെമേക്കർ, *ന്യൂ ടെസ്റ്റമെന്റ് കമെന്ററി എക്സ്പൊസിഷൻ ഓഫ് ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1990), 770. [14]ഇതാ രണ്ടാം പ്രാവശ്യമാണ് റോമാക്കാരെ ഉപയോഗിച്ച് ദൈവം യെഹൂദ പുരുഷാരത്തിൽ നിന്നു പൗലൊസിനെ വിടുവിക്കുന്നത് (18:12-17 ശ്രദ്ധിക്കുക). ആഗ്രഹമുണ്ടെങ്കിൽ, ഗവൺമെന്റിന്റെ ഉദ്ദേശം നിരപരാധിയെ സംരക്ഷിക്കുകയാണെന്ന് കാണാം (റോമർ 13:3, 4). [15]ലൂക്കൊസ് ഉപയോഗിച്ച ഗ്രീക്ക് വാക്കുകളുടെ അർത്ഥം ഇതാണ്. [16]വാർത്ത വന്നതു പൗലൊസിനോടുകൂടെ ഉണ്ടായിരുന്ന തല ക്ഷൗരം ചെയ്ത പുരുഷന്മാരിൽ ഒരാളിൽ നിന്നായിരുന്നു എന്ന് ചിലർ പറഞ്ഞിട്ടുണ്ട്. എങ്ങനെയായാലും, ഇപ്പോൾ, വാർത്ത “അവർ ഒരു നിരപരാധിയെ കൊല്ലുവാൻ തുടങ്ങുന്നു,” എന്നല്ലായിരുന്നതുകൊണ്ടും “യെരുശലേം എല്ലാ കലക്കത്തിൽ [ആണ്],” ഗോപുരകാവൽക്കാരനിൽ നിന്നായിരിക്കാം വാർത്ത വന്നത്. [17]സഹസ്രാധിപൻ ചുരുങ്ങിയതു രണ്ട് ശതാധിപന്മാരെ എടുത്തിരുന്നതു കൊണ്ടും, ശതാധിപൻ നൂറു പടയാളികളുടെ അധിപൻ ആകകൊണ്ടും, ചുരുങ്ങിയത് ഇരുനൂറു പടയാളികളെ രംഗത്തിറക്കിയിരിക്കണം. [18]പിന്നീടുള്ള സഹസ്രാധിപന്റെ വിവരണം തിരിച്ചറിയുന്നതിനപ്പുറമായിരുന്നു (23:26, 27 നോക്കുക). [19]ഇതു മറ്റൊരു തെറ്റായ “അനുമാനം” വേണമെങ്കിൽ ബാഹ്യരേഖയിൽ ഉൾപ്പെടുത്താം. [20]കൂടാതെ, ജാതികളുടെ കയ്യിൽ അവൻ വിടുവിക്കപ്പെടും എന്ന പ്രവചനം നിവർത്തീകരിച്ചു (21:11).

[21]ഉദ്യോഗസ്ഥാധിപത്യത്തിൽ മുഖ്യതാമസം കടലാസ് ജോലിയാണ്. അവൻ അവസാനം എഴുതിയ 23:25-30 ലെ വിവരങ്ങൾ നോക്കുക. പൗലൊസ് ചെയ്തതു അറിയുക പ്രാധാന്യമുള്ളതാണ് കാരണം, റോമാ നിയമം അനുസരിച്ചു, ഒരു റോമാ പൗരനെ ആരോപിക്കപ്പെട്ട കുറ്റം കേൾക്കാതെ പിടിച്ചു വെക്കാൻ പാടില്ല. 25:26, 27 നോക്കുക. [22]അവൻ വീണ്ടും വീണ്ടും ചോദിച്ചു എന്നാണ് ഗ്രന്ഥത്തിൽ. [23]19:32 മായി താരതമ്യം ചെയ്യുക. [24]കുഴപ്പം ആരംഭിച്ചവർ അപ്പോഴും അവിടെ ഉണ്ടെങ്കിൽ, ഒന്നുകിൽ അവർ സംസാരിച്ചില്ല, അല്ലെങ്കിൽ പുരുഷാരം നിമിത്തം അവരെ കേട്ടില്ല. പടയാളികളെ കണ്ടപ്പോൾ അവർ മാറികളഞ്ഞു എന്നു പറയപ്പെട്ടിട്ടുണ്ട്. [25]പടയാളികൾ ആഗ്രഹിച്ച വേഗത്തിൽ, ഒരു പക്ഷേ പൗലൊസിനു, നടക്കാൻ കഴിഞ്ഞിരിക്കയില്ല, അല്ലെങ്കിൽ പുരുഷാരത്തിനു എത്താത്ത പൊക്കത്തിൽ പടയാളികൾ പൗലൊസിനെ ഉയർത്തി എടുത്തിരിക്കാം. [26]ഇത് അന്തസില്ലാത്ത ഓട്ടം ഏതാണ്ട് പൗലൊസിനെ കുട്ടയിൽ മതിൽ വഴിയായി ഇറക്കിയപ്പോൾ ഉണ്ടായ ലജ്ജ പോലെ എന്നു സാരം. “പ്രവൃത്തികൾ, 2-൧൦” ലക്കത്തിലെ പ്രവൃത്തികൾ 9:23-25 ന്റെ നോട്ടുകൾ നോക്കുക. [27]ലൂക്കൊസ് 23:18; യോഹന്നാൻ 19:15. ഇതെല്ലാം നടക്കുമ്പോൾ, വിശ്വസിച്ച “ആയിരക്കണക്കിനു യെഹൂദന്മാർ” എവിടെ ആയിരുന്നു എന്നാണ് ഞാൻ സംശയിക്കുന്നത് (21:20; KJV) വേറൊരവസരത്തിൽ കർത്താവൊഴിച്ച് മറ്റെല്ലാവരും പൗലൊസിനെ കൈവിട്ടതായി പറയുന്നുണ്ട് (2 തിമൊഥെയൊസ്

4:16, 17). [28]രേഖയനുസരിച്ച് ഇതു വാസ്തവമാണ്. [29]സ്തെഫാനൊസിനെ ചുറ്റും നിന്ന വർ കല്ലെറിഞ്ഞതുമായി ഇതിനെ താരതമ്യം ചെയ്യുക ("പ്രവൃത്തികൾ, 2-൧൦" ലക്കത്തിലെ "നിങ്ങൾ എന്തിനു വേണ്ടി മരിക്കും?" എന്ന പാഠത്തിലെ നോട്ടുകൾ നോക്കുക). താൻ കൊല്ലുവാൻ സഹായിച്ച മനുഷ്യരിൽ നിന്നു പൗലൊസ് എന്തെങ്കിലും പഠിച്ചോ? [30]സഹ സ്രാധിപന്നു ആ വാക്കുകൾ "വെളിപ്പാട്" എന്നതിനേക്കാൾ അതിശയം ഒന്നും തോന്നാൻ സാധ്യതയില്ല. അടുത്ത വാചകം ആരംഭിക്കുന്നത്, അനേകം ആയിരം യെഹുദന്മാർ എന്നു തർജ്ജിമ ചെയ്യാം "തീർച്ചയായും, നീ, ആ മിസ്രയീമ്യൻ തന്നെ ..." മിസ്രയിമ്യൻ യവനഭാഷ സംസാരിച്ചിരുന്നു. പൗലൊസ് ആരാമ്യഭാഷക്കു പകരം,യവനഭാഷ സംസാരിച്ചപ്പോൾ അവൻ അവർ തിരഞ്ഞുകൊണ്ടിരിക്കുന്ന മിസ്രയിമ്യൻ ആണെന്ന് വിചാരിച്ചു.

[31]ജോസെഫസ് പറഞ്ഞതു ആ മിസ്രയിമ്യൻ 30,000 പേരെ നയിച്ചുകൊണ്ട് ഒലിവു മലയിലേക്കു പോയതു എന്നാണ്. ജോസെഫനും സഹസ്രാധിപനും നല്കുന്ന സംഖ്യാ വ്യത്യാസം സംഭവം രണ്ടാണെന്നതു വന്നേക്കാം വൈപരീത്യം ഉണ്ടെങ്കിൽ, റോമൻ ഉദ്യോഗസ്ഥന്റെ സംഖ്യയായിരിക്കും ശരിയാകുക, ജോസെഫസ് അതിശയോക്തി കലർത്തി എഴുതിയതാകാം. [32]അക്ഷരികമായി, സഹസ്രാധിപൻ പറഞ്ഞു, "സിക്കാരിയുടെ നാലായിരം ആളുകൾ എന്നാണ്." "സിക്കാരി" എന്നതിന്റെ അർത്ഥം "ഡാഗർ - മെൻ" എന്നാണ്, അത്ലാറ്റിൻ വാക്കായ *സിക്കാ* എന്നതിൽ നിന്നു വരുന്നു, അർത്ഥം "ഷോർട്ട് ഡാഗർ" എന്നാണ്. (എൻഎഎസ്ബി സൂചിപ്പിക്കുന്നതുപോലെ) സിക്കാരി കൊല്ലുന്നു (കെജെവിയിൽ "കുലപാതകികൾ" എന്നത്; യെരുശലേം ബൈബിളിൽ "തൊണ്ട അറുക്കുന്നവർ" എന്നാണ്). അവർ പെരുന്നാളുകളിൽ ആളുകൾക്കിടയിൽ റോമാക്കാർക്കു - മുൻപിലുള്ള ശത്രുകളോടു അടുത്തായി നടക്കും. അവരുടെ ശത്രുക്കൾക്കിടയിലേക്കു രഹസ്യമായി ഈ വിദ്വേഷ വീക്ഷകരെ അയക്കും, പിന്നെ ഭയങ്കര ജനക്കൂട്ടത്തിൽ ഒതുക്കും. അവർ പൊതുവിൽ യെഹൂദ മതാനുസാരികളായിരുന്നു അവസാനം യെരുശലേം നശിപ്പിക്കുന്നവരിൽ ഇവരും പറ്റു ചേരുന്നുണ്ട്. [33]ഈ സമയത്ത് താൻ റോമാ പൗരനാണെന്നു പൗലൊസ് പറഞ്ഞില്ല (22:5 ശ്രദ്ധിക്കുക). ആ സമയത്ത്, ഒരാൾക്ക് ഇരട്ട പൗരത്വം ഉണ്ടായിരുന്നതു: ഒന്നു പ്രാദേശിക പൗരത്വവും പിന്നെ റോമാ പൗരത്വവുമാണ്. [34]ഇതേ രീതിയിലുള്ള മറ്റു ബൈബിൾ അനുമാനങ്ങൾക്കു, മർക്കൊസ് 6:49; ലൂക്കൊസ് 12:51; 13:2, 4; 19:11; യോഹന്നാൻ 11:31; 13:29; 20:15; പ്രവൃത്തികൾ 14:19; 27:13. [35]ഇതേ രീതിയിൽ ഉള്ള മറ്റു ബൈബിൾ അനുമാനങ്ങൾക്ക് ഉദാഹരണമായി, മത്തായി 6:7 നോക്കുക. [36]ഈ പ്രസംഗ ഭാഗം പ്രത്യേക സ്ഥലത്തേക്കും സദസിനുമായി യോജിക്കുന്ന നിലയിൽ രൂപപ്പെടുത്താൻ കഴിയും രൂപപ്പെടുത്തുകയും വേണം. പിൻ വരുന്ന ഉദാഹരണങ്ങൾ നിർദ്ദേശങ്ങൾ മാത്രമാണ്. [37]"യെരുശലേമിൽ പൗലൊസ് ദൈവാലയത്തിലും തടവിലും," എന്ന ബോബി ഡങ്കന്റെ, *സ്റ്റഡീസ് ഇൻ ആക്സ്* (ഡെന്റൺ, ടെക്സസ്.: വാലിഡ് പബ്ലിക്കേഷൻസ്, 1985), 203. [38]ഈ ചിത്രീകരണം എടുത്തതു ഒരു ബുള്ളറ്റിനിലെ "അനാവശ്യമായ അഭ്യാസം" "ഓൾഡ് പാത്ത്സ്" എന്ന വിഷയവുമായ ഒരു ലേഖനത്തിൽ നിന്നാണ് (മാർച്ച് 1995). [39]ഈ ലേഖനം ആരംഭത്തിൽ പ്രത്യക്ഷപ്പെട്ടത്, 1995 ആരംഭത്തിൽ ടെക്സാസിലെ, ഡങ്കൺ വില്ലെയിലെ, ഡങ്കൺ വില്ലെ ചർച്ച് ഓഫ് ക്രൈസ്റ്റിന്റെ ബുള്ളറ്റിൽ ആയിരുന്നു. തീയതി ഇല്ലാത്ത ഒരു കോപ്പി എനിക്കു 1995 എപ്രിൽ 17 ന് തപാലിൽ ലഭിച്ചു. [40]"തെറ്റായ പരിശീലനം."